പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

20/06/2014-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ. 280

## കുടുംബശ്രീക്ക് അനുവദിച്ചിട്ടുള്ള ഫണ്ടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് :<br>ശ്രീ. എ. കെ. ബാലൻ :<br>ശ്രീ. എം. ഹംസ :<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : | ഡോ.എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) കുടുംബശ്രീയുടെ പ്രവർ ത്തനങ്ങൾക്കായി അനുവദിച്ചിട്ടുള്ള ഫണ്ടുകളെ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ; | (എ) കുടുംബശ്രീയുടെ പ്രവർത്തനങ്ങൾക്കായി 2013-14 വർഷത്തിൽ കേന്ദ്ര-സംസ്ഥാന വിഹിതമായി 221.91 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഇതിൽ കേന്ദ്രവിഹിതം 128.58 കോടി രൂപയും സംസ്ഥാന വിഹിതം 93.33 കോടി രൂപയുമാണ്. |
| (ബി) ഫണ്ട് അനുവദിക്കുന്നതിൽ കാലാനുസൃതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് കരുതുന്നുണ്ടോ ; | (ബി) ഉണ്ട് |
| (സി) ദേശീയ ഗ്രാമീണ ഉപജീവന മിഷൻ ഫണ്ടിൽനിന്നും കുടുംബശ്രീക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ; | (സി) എൻ.ആർ.എൽ.എം പദ്ധതി കുടുംബശ്രീ മുഖേനയാണ് നടപ്പിലാക്കുന്നത്. ഇതിലേയ്ക്കായി 46.95 കോടി രൂപ 2013-14 വർഷം കുടുംബശ്രീക്ക് ലഭിച്ചിട്ടുണ്ട്. |
| (ഡി) ഫണ്ട് ലഭ്യതയുടെ അപര്യാപ്തതമൂലം വിവിധ കുടുംബശ്രീ യൂണിറ്റുകൾ കടക്കെണിയിലായിരിക്കുന്നതായ സ്ഥിതിവിശേഷം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ